**പ്രഫസർ അനിൽകുമാറിന്റെ പ്രഭാഷണം– വ്യാഴാഴ്ച തോറും**

**പ്രശാന്തി സന്ദേശം- ഉപാഖ്യാനം 279**

# അത്യുന്നതമായ നില

## THE HIGHEST STATE

**ജൂൺ 26, 2025 വ്യാഴം**

ഓം ശ്രീ സായിരാം!

പ്രശാന്തി സന്ദേശം നിങ്ങളെ സ്വാഗതം ചെയ്യുന്നു.

## ത്രിഗുണങ്ങൾക്കും അതീതനായവന്റെ സവിശേഷതകൾ

ഈ അതിക്രമണ(transcendence)ത്തെക്കുറിച്ച് ഭഗവദ്ഗീത 14-ാം അദ്ധ്യായം സുന്ദരമായി വിവരിക്കുന്നുണ്ട്. ഇത് വളരെ പ്രധാനമാണ്. ഒരുവൻ അതിക്രമിക്കേണ്ടിയിരിക്കുന്നു. ഒരുവൻ മൂന്ന് ഗുണങ്ങളെയും തരണം ചെയ്യേണ്ടിയിരിക്കുന്നു. ഈ അതിക്രമണത്തെ നമുക്കെങ്ങനെ തിരിച്ചറിയാൻ കഴിയും? അതൊരു അവകാശവാദം, തിരിച്ചറിയലിന്റെ വിഷയം, കണ്ടുപിടുത്തം, കണ്ടെത്തൽ അഥവാ ഒരു വിശദീകരണം ആണോ? തീർച്ചയായും അല്ല! അതെന്താണ്? അതൊരു അനുഭവമാണ്. ആ അനുഭവം ഒരു ആവിഷ്കരണമായിത്തീരുന്നു. ഗുപ്തമായതെന്തോ അത് പ്രകടമാവുന്നു. മറഞ്ഞിരുന്നതെന്തോ അത് വ്യക്തവും കണ്ണിൽ പെടുന്നതുമാവുന്നു.






ഈ മൂന്നു ഗുണങ്ങളെയും അതിക്രമിച്ച മനുഷ്യൻ ആരാണ്? നീണ്ട മുടിയുമായി, കാഷായവേഷം ധരിച്ചു നടക്കുന്നയാളോ? തീർച്ചയായും അല്ല! ജപമാലയുമായി നടക്കുന്നയാളാണോ? അല്ല! പകരം, അയാളെ സൂക്ഷിച്ചോണം! അപ്പോൾ, ശരിക്കും അതിക്രമിച്ച മനുഷ്യനെ എനിക്കെങ്ങനെ അറിയാനാവും? ഭഗവദ്ഗീത 14-ാം അദ്ധ്യായത്തിൽ 22 മുതൽ 25 വരെ ശ്ലോകങ്ങളിൽ ഇത് വ്യക്തമായി വിവരിക്കുന്നു.

## അതിക്രമണത്തിന്റെ ആദ്യത്തെ നാല് ലക്ഷണങ്ങൾ



അതിക്രമണത്തിന്റെ ആദ്യത്തെ ലക്ഷണം "ന ദ്വേഷതി" ആകുന്നു, ഇതിനർത്ഥം അയാൾക്ക് വിദ്വേഷം ഉണ്ടാവില്ല എന്നാണ്. അയാൾക്ക് ആരെയും വെറുക്കുന്നില്ല. എങ്ങനെയൊക്കെയായാലും, മിക്കപ്പോഴും നാം കേൾക്കുന്നതാണ്, "നീ എന്റെയടുത്ത് ഇരിക്കുന്നതോ നീ എന്നെ തൊടുന്നതോ എനിക്ക് സഹിക്കാൻ പറ്റില്ല." അവർ ത്രിഗുണങ്ങളെയും അതിക്രമിച്ചവരാണെന്ന് പറയാനാവുമോ നിങ്ങൾക്ക്? തീരുമാനം നിങ്ങൾക്കു വിടുന്നു!

അടുത്തതായി, അതിക്രമണത്തിന്റെ രണ്ടാമത്തെ ലക്ഷണം "ന കാംക്ഷതി" ആകുന്നു, ഇതിനർത്ഥം അയാൾക്ക് ആശകളൊന്നു ഉണ്ടാവില്ല എന്നാണ്. എന്നിരുന്നാലും, നാം നേരേ വിപരീതമാണ് മിക്കപ്പോഴും കാണുന്നത്.



"താങ്കളുടെ പദവിയിലേക്ക് ഉയരുന്നതിന് ഞാൻ താങ്കളെ വലിച്ചു താഴെയിടാൻ ശ്രമിക്കട്ടെ". താങ്കൾ പരാജയപ്പെടുന്നത് ഞാൻ കണ്ടോട്ടെ. താങ്കൾ കുപ്രസിദ്ധനും ഉപയോഗമില്ലാത്തവനുമാവുന്നത് ഞാൻ കണ്ടോട്ടെ, അപ്പോൾ എനിക്ക് താങ്കളുടെ സ്ഥാനത്ത് ഇരിക്കാമല്ലോ." ഇതല്ല ആഗ്രഹമില്ലായ്ക!

മൂന്നാമത്തെ ലക്ഷണം "ഉദാസീനവത്" ആകുന്നു. ഒരു ദിവസം ഏതാണ്ടിത് സംഭവിക്കും. "സാർ, താങ്കളെ ഡ്യൂട്ടിയിൽനിന്ന് വിടുതൽ ചെയ്തിരിക്കുന്നു. താങ്കൾ നല്ലപോലെ ജോലി നോക്കുകയായിരുന്നു. നന്ദി! പക്ഷേ താങ്കളുടെ സേവനം ഇനിയും ആവശ്യമില്ല. ഇതാ താങ്കളുടെ പിങ്ക്(ഡിസ്ചാർജ്) സ്ലിപ്". ഈ പിങ്ക് സ്ലിപ്പുകൾ കിട്ടുമ്പോഴും ഒരുവന് സന്തോഷം തോന്നണം. ഒരുവൻ ഒന്നുമായും ബദ്ധനാവരുത്.




നാലാമത്തെ ലക്ഷണം "സമദു:ഖസുഖം" ആകുന്നു, സമചിത്തനാവുക. "ബാബയാണ് ഈ സേവ എനിക്കു തന്നത് എന്ന് താങ്കൾക്കറിയുമോ?" എന്നു ചോദിക്കാൻ അവസരം കിട്ടുമ്പോൾ, തന്നിലേക്ക് എല്ലാവരുടെയും ശ്രദ്ധ ആകർഷിക്കുന്നതിനായി അയാൾ കൈകൊട്ടില്ല. ഞാനെന്തിന് അതറിയണം? ഇത് വില കുറഞ്ഞ പബ്ലിസിറ്റി, പ്രസിദ്ധി, പൊങ്ങച്ചം ആണ്. "ആ സർവീസിന്റെ ഇൻ-ചാർജ് ഞാനാണെന്ന് നിനക്ക

റിയാമോ?'' ഓ! നിങ്ങളെ പറഞ്ഞുവിടുന്നതെപ്പോളാണെന്ന് എന്നോട് പറയണേ! നോക്ക്! അപ്പോൾ, പൊങ്ങച്ചം, പ്രകടനം, ആത്മപ്രശംസ, അഹമ്മതി ഒന്നും അവിടെ യുണ്ടാവരുത്.

എന്റെ പദവി ഒഴിയുന്നതിന് എന്നോടാവശ്യപ്പെടുമ്പോൾ, മുഴുവൻ ലോകവും ഗുണം പിടിക്കാത്തതാണെന്നും പരമശോച്യമാണെന്നും ഞാൻ കരുതുകയാണെങ്കിൽ, അപ്പോൾ ഞാൻ പരിമിതിക്കപ്പുറം കടന്നിട്ടില്ല. എനിക്ക് സമചിത്തതയില്ല. നമുക്ക് സമചിത്തതയുണ്ടാവണം. ഈ ജോലി നിങ്ങൾക്ക് നൽകപ്പെടുമ്പോൾ നിങ്ങൾ പറ യുന്നു, ''നന്ദി, ഭഗവാനേ!'' പൊയ്ക്കൊള്ളാൻ നിങ്ങളോടു പറയുമ്പോൾ നിങ്ങൾ പറ




യുന്നു, ''ഇരട്ടി നന്ദി അവിടുത്തേക്ക്. ഇപ്പോൾ എനിക്ക് അവിടുന്നിനെ കൂടുതലായി ഓർക്കാം.'' അതെ! എന്നെ ഡ്യൂട്ടിയിൽനിന്ന് ഒഴിവാക്കിയാൽ, എനിക്ക് അങ്ങയെ കൂടുതലോർക്കാം. പാത്രങ്ങൾ കഴുകുന്നതിനു പകരം, ഞാൻ എന്നെത്തന്നെ വൃത്തിയാക്കിക്കോട്ടെ. പഠിപ്പിക്കുന്ന തിനു പകരം, ഞാൻ എന്നെത്തന്നെ പഠിപ്പിച്ചോട്ടെ. അന്യരെ രചിക്കുന്നതിനു പകരം, ഞാൻ ശാന്തമായി ഇരുന്നോട്ടെ. അപ്പോൾ, എല്ലാം പോസിറ്റീവാകും. ഇതാണ് ''സമദുഃഖസുഖം''(equal-mindedness) (ഗീത: 14-24).

## അഞ്ചാമത്തെ ലക്ഷണം: ശിലയും സ്വർണ്ണവും സമം

അഞ്ചാമത്തെ ലക്ഷണം ''സമലോഷ്ടാശ്മകാഞ്ചന:'' ആണ്, ഇതിനർത്ഥം ''മൺക ട്ടയും കല്ലും സ്വർണ്ണവുമെല്ലാം തുല്യമായി കരുതുക''യെന്നാണ്.(ലോഷ്ട=മൺകട്ട കൾ, അശ്മ=കല്ല്, കാഞ്ചനം=സ്വർണം- ഗീത: 6-8, 14-24).



ആരോ ഭഗവാനുവേണ്ടി നിരവധി സ്വർണ്ണപ്പേനകൾ വാങ്ങി. അതു സ്വീകരിക്കുന്നതിന് ഞങ്ങൾ റെഡിയായിരുന്നു! ഒന്നുമ ല്ലെങ്കിൽ അവിടുന്ന് ഒരെണ്ണം എനിക്കു തരുമെന്ന ചിന്തയിൽ,



ഇത്തിരി ധൈര്യം സംഭരിച്ച് ഞാൻ സ്വാമിയോട് പറഞ്ഞു, ''സ്വർണ്ണപ്പേനകളുണ്ടവിടെ''! അപ്പോൾ എന്താണ് ഭഗവാൻ പറ ഞ്ഞതെന്ന് നിങ്ങൾക്കറിയാമോ? ''നിനക്ക് സ്വർണ്ണപ്പേന വേണോ? അതു വാങ്ങിയ ആളിന്റെ കൈയിൽനിന്നുതന്നെ മേടി ച്ചോളൂ.'' ഞാൻ വീണ്ടും ശ്രമിച്ചുനോക്കി, ''അല്ല സ്വാമീ! സ്വർണ്ണ പ്പേനകളാണ്!'' അവിടുന്ന് പറഞ്ഞു, ''സ്വർണ്ണപ്പേനകളാവട്ടെ, ബോൾ പെന്നാവട്ടെ

അഥവാ മഷിപ്പേനയാവട്ടെ, എനിക്കൊന്നുംതന്നെ വേണ്ട. അവ സ്വർണ്ണപ്പേനകളാണെന്നതിന്റെ പേരിൽ എനിക്ക് അവയോട് ഇഷ്ടക്കൂടുതലില്ല.'' സ്വാമി സ്വർണ്ണത്തിന് അധികമൂല്യമൊന്നും നൽകുന്നില്ല. അതുകൊണ്ട്, ത്രിഗുണങ്ങൾ അതിക്രമിച്ച മനുഷ്യൻ സ്വർണ്ണവും ശിലയും ഒരേപോലെ കരുതുന്നു. ഭഗവാൻതന്നെ പറയുന്നു, ''ലോകത്തിലെ ഏറ്റവും വിലപിടിച്ച വസ്തു വജ്രമാണ്, വജ്രം(diamond) എന്നത് die-mind അല്ലാതെ മറ്റൊന്നുമല്ല. die-mind ആണ് ശരിക്കുള്ള diamond, അല്ലാതെ കേവലം ആ ശിലയല്ല.'' അപ്പോൾ, ശിലയും സ്വർണ്ണവും ഭഗവാന് ഒരേപോലെയാണ്.




## ആറാമത്തെ ലക്ഷണം: ഇഷ്ടവും അനിഷ്ടവും ഇല്ല

ആറാമത്തെ ലക്ഷണം ''തുല്യപ്രിയാപ്രിയ:'' (ഗീത: 14-24) ആകുന്നു, ഇതിനർത്ഥം പ്രിയവും അപ്രിയവും ഒരുവൻ തുല്യമായി കരുതുന്നു എന്നാണ്. നമ്മുടെ മാനദണ്ഡങ്ങളനുസരിച്ച്, ചില ആളുകൾ ഹിതകരമായത് ചെയ്യുന്നു, മറ്റു ചിലരാകട്ടെ അഹിതകരമായത് ചെയ്യുന്നു. എന്നിരുന്നാലും, ഈശ്വരൻ എല്ലാവരെയും ഒരുപോലെ സ്നേഹിക്കുന്നു. ഹിതവും അഹിതവുമായ സന്ദർഭങ്ങളിൽ ഈശ്വരൻ ഒരേപോലെ വർത്തിക്കുന്നു. ''സ്വാമീ, മഴയാണ്.'' ''വളരെ നല്ലത്.'' ''സ്വാമീ, എന്തൊരു തെളിഞ്ഞ ദിവസം!'' ''കൊള്ളാം!'' ''സ്വാമീ, എന്റെ കാലൊടിഞ്ഞു!'' ''ചാല സന്തോഷം! ഒത്തിരി നന്നായി!'' ''സ്വാമീ, എന്റെ അമ്മൂമ്മ മരിച്ചുപോയി!'' ''വളരെ നന്നായി.'' അത്രമാത്രം. പ്രിയമോ അപ്രിയമോ ആയി ഒന്നുമില്ല, എന്തുകൊണ്ടെന്നാൽ അവിടുന്നിന്റെ തലത്തിൽ, എല്ലാം ഒരേപോലെയാണ്.




## ഏഴും എട്ടും ലക്ഷണങ്ങൾ:
## നിന്ദയിലും സ്തുതിയിലും ധൈര്യവും സമഭാവനയും

ഏഴാമത്തെ ലക്ഷണം ധൈര്യഭാവം ആകുന്നു. ''സ്വാമീ, 300 കോടി ചെലവു മതിക്കുന്ന ഒരാസ്പത്രി പണിയുമെന്ന് അവിടുന്ന് പ്രസ്താവിച്ചല്ലോ. അത് വരുന്ന കൊല്ലം ഉദ്ഘാടനം ചെയ്യുമെന്നും അവിടുന്ന് പ്രഖ്യാപിച്ചു. ട്രസ്റ്റിൽ ഫണ്ടോ

പണമോ ഇല്ല താനും!'' അവിടുത്തെ പ്രതികരണം: ''പേടിക്കണ്ടാ. അത് താനേ വന്നു ചേരും.''



മറ്റൊരുദാഹരണം ഇതാ.

''ഭഗവാൻ! അവിടുന്നിന് അനന്തപൂരിൽ ഒരു യൂണിവേഴ്സിറ്റി ആരംഭിക്കാൻ കഴിയില്ല. അത് അസാദ്ധ്യമാണ് എന്തെന്നാൽ, നിർദ്ദിഷ്ട സ്ഥലത്തിനടുത്തുതന്നെ കൃഷ്ണ ദേവരായ യൂണിവേഴ്സിറ്റി ഉണ്ട്. മുമ്പുതന്നെ നിലവിലുള്ള ഒരു യൂണിവേഴ്സിറ്റിയുടെ 20 കിലോമീറ്റർ പരിധിക്കകത്തായി മറ്റൊരു യൂണിവേഴ്സിറ്റി തുടങ്ങാനാവില്ല എന്നൊരു നിയമം നിലവിലുണ്ട്. ഇവിടെ, ഈ ലൊക്കേഷനിൽ മറ്റൊരു യൂണിവേഴ്സിറ്റി തുടങ്ങാൻ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അനുമതി തരില്ല.''



അവിടുത്തെ പ്രതികരണം: ''വേണ്ട. ഞാനത് ഇവിടെത്തന്നെ പണിയും. നീ കണ്ടോളൂ.'' ഇതാണ് ധൈര്യലക്ഷണം(heroic quality). അതെ, അവിടുന്നൊരു ഹീറോയാണ്, നമ്മൾ ഒരു സീറോയും! നമ്മൾ മാതൃകാ സീറോകളും, അവിടുന്ന് മാതൃകാ ഹീറോയും.

എട്ടാമത്തെ ലക്ഷണം ''തുല്യനിന്ദാത്മസംസ്തുതി:'' (ഗീത: 14-24) ആകുന്നു, നിന്ദയിലും സ്തുതിയിലും ഒരേപോലെയിരിക്കുക. ഭഗവാൻതന്നെ അരുളിയിട്ടുണ്ട്, ''ചിലർ എന്നെ പ്രശംസിക്കുമ്പോൾ എനിക്ക് സന്തോഷം തോന്നാറില്ല. മറ്റുള്ളവർ എന്നെ വിമർശിക്കുമ്പോൾ എനിക്ക് അനിഷ്ടം തോന്നാറുമില്ല! ''ബാബാ! അവിടുന്ന് ദയാലുവാണ്'' എന്ന് നിങ്ങൾ പറയുകയാണെങ്കിൽ എനിക്ക് കൂടുതലായി

സന്തോഷം തോന്നാറില്ല എന്തെന്നാൽ, ഞാൻ സ്വതവേ ദയാലുവാണ്. അല്ലെങ്കിൽ, “ബാബാ! അവിടുന്ന് വളരെ കരുണാമയനാണ്” എന്ന് പറയുന്നത് ഒരു മെറിറ്റ് സർട്ടിഫിക്കറ്റോ പുകഴ്ത്തലോ പ്രശംസയോ അല്ല. കാരുണ്യം എന്റെ ഗുണസവിശേഷതയാകുന്നു. ദയ എന്റെ പ്രകൃതമാകുന്നു. ആ ഗുണങ്ങൾ എന്റെയുള്ളിൽ നേരത്തേയുണ്ട്. അവ പ്രസ്താവിക്കപ്പെടുമ്പോൾ എനിക്ക് വിശേഷിച്ച് സന്തോഷം തോന്നാറില്ല.”

സ്വാമി ഒരിക്കൽ പറയുകയുണ്ടായി, “ ‘ഓ ബാബാ! അവിടുന്നിന് ഒരു കേശഭാരമാണുള്ളത്!’ എന്ന് ആരെങ്കിലും പറയുകയാണെങ്കിൽ ഞാനെന്തിന് എതിർക്കണം? അത് വാസ്തവമാണ്. എനിക്ക് ധാരാളം മുടിയുണ്ട്. ആരെങ്കിലും പറയുകയാണ്, ‘സ്വാമീ! അങ്ങ് കഷണ്ടിത്തലയനാണ്’ എനിക്ക് വിരോധം തോന്നില്ല, കാരണം ഞാൻ കഷണ്ടിത്തലയനല്ല.” നിങ്ങളിലുള്ള ഒരു കാര്യം പ്രസ്താവിക്കപ്പെടുമ്പോൾ, അത് സ്തുതിയായി നിങ്ങൾക്ക് തോന്നുന്നില്ല. നിങ്ങളിലില്ലാത്ത ഒരു കാര്യം പ്രസ്താവിക്കപ്പെടുമ്പോൾ, നിങ്ങൾക്ക് വിരോധം തോന്നേണ്ടതില്ല. “നിന്ദയിലും സ്തുതിയിലും സമരാവുക”യെന്നാൽ ഇതാണ്.




## ഒൻപതും പത്തും ലക്ഷണങ്ങൾ:
## ശത്രുവോ മിത്രമോ ഇല്ല, ആദരവോ അനാദരവോ ഇല്ല

ഇനി, ഒൻപതാമത്തെ ലക്ഷണം “തുല്യോ മിത്രാരിപക്ഷയോ:” (ഗീത: 14-25) ആകുന്നു, “മിത്രമോ ശത്രുവോ ഇല്ല”. ഭക്തരാവട്ടെ ആവാതിരിക്കട്ടെ, അവരാരായിരുന്നാലും, അവിടുന്ന് അവരെയെല്ലാം ഒരേപോലെയാണ് കരുതുന്നത്. അവിടുന്നിന് ശത്രുവോ മിത്രമോ ഇല്ല. പത്താമത്തെ ലക്ഷണം “മാനാപമാനയോസ്തുല്യ:” എന്നതാണ്, ഇതിനർത്ഥം “മാനത്താലും അപമാനത്താലും ബാധിക്കപ്പെടാതിരിക്കുക” എന്നാകുന്നു. ഒരുദാഹരണം: നിങ്ങൾ സൂര്യനു നേരേ ഒരു പിടി മണലു വാരിയെറിയുകയാണെങ്കിൽ, എന്തു സംഭവിക്കും? അത് തിരികെ നിങ്ങളുടെ കണ്ണിൽത്തന്നെ വന്നു വീഴും. ഇതേപോലെ, നിങ്ങൾ ഈശ്വരനെ ആദരിക്കുമ്പോൾ നിങ്ങളാണ് ആദരിക്കപ്പെടുന്നത്. നിങ്ങൾ അവിടുന്നിനെ അനാദരിക്കുമ്പോൾ നിങ്ങൾ അനാദരിക്ക

പ്പെടുകയാണ്. അവിടുന്നിനെ അത് ബാധിക്കുന്നില്ല. ഇതെന്തുകൊണ്ടെന്നാൽ, നിങ്ങളുടെ ജീവിതം മൂന്നു കാര്യങ്ങളിലാണ് കേന്ദ്രീകൃതമായിരിക്കുന്നത്-പ്രതികരണം, പ്രതിഫലനം, പ്രതിധ്വനി(reaction, reflection and resound).

## പതിനൊന്നാമത്തെ ലക്ഷണം:<br>എല്ലാ കർമ്മവും ഉപേക്ഷിക്കുക

അവസാനത്തെ(പതിനൊന്നാമത്തെ) ലക്ഷണം, എല്ലാ കർമ്മവും ഉപേക്ഷിക്കുക, "സർവ്വാരംഭപരിത്യാഗീ" (ഗീത: 14-25) ആകുന്നു. ധാരാളം ആളുകൾ പങ്കെടുക്കുന്ന വലിയ പിറന്നാളാഘോഷങ്ങളുണ്ടായിരുന്നു. ഭഗവാൻ ശാന്തനായി, നിശ്ശബ്ദനായി, ഒരു അന്തസ്സുറ്റ തരത്തിൽ, ആരുമറിയാതെ വെളുപ്പിന് 4.30-ന് പുട്ടപർത്തി വിട്ടു.




അവിടുന്ന് ബദ്ധനല്ല. അവിടുന്ന് അഭിനന്ദനങ്ങൾക്ക് നിന്നുകൊടുത്തില്ല. അവിടുന്ന് സ്ഥലംവിട്ടു. അവിടുന്ന് എല്ലാ കർമ്മവും ഉപേക്ഷിച്ചു എന്തുകൊണ്ടെന്നാൽ അവിടുന്ന് സാത്വികനാണ്, ബദ്ധനുമല്ല. "സർവ്വാരംഭപരിത്യാഗീ" എന്നാൽ, അവിടുന്ന് എല്ലാ കർമ്മവും ഉപേക്ഷിക്കാൻ തയ്യാറാണെന്നാണ്.

മൂന്നു ഗുണങ്ങളെയും തരണം ചെയ്ത ഒരു വ്യക്തിയുടെ, ഗുണാതീതന്റെ, പതിനൊന്നു സവിശേഷതകൾ ഇപ്പറഞ്ഞവയാകുന്നു.




പ്രഫ. അനിൽകുമാർ കൂടുതൽ ദിവ്യ വെളിപ്പെടുത്തലുകളുമായി നമ്മെ പ്രചോദിപ്പിക്കുന്നത് അടുത്ത ലക്കത്തിൽ തുടരുന്നു.

നിങ്ങളുടെ സമയത്തിന് നന്ദി. ഓം സായിരാം!



(തുടരും)

പ്രഫ. അനിൽകുമാർ കാമരാജു – (*Sai-Vedam* പേജ് 236-240)
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)